പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5208 27.06.2019 -ൽ മറുപടിക്ക്

## അന്നപൂർണ വിഭാഗത്തിനുള്ള ഭക്ഷ്യധാന്യം

| ചോദ്യം<br>**ശ്രീ.എൻ .എ.നെല്ലിക്കുന്ന്** | | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) | എത്രകുടുംബങ്ങൾക്കാണ് മുപ്പത്തഞ്ച് കിലോ ഭക്ഷ്യധാന്യം നൽകേണ്ടതെന്ന് വ്യക്തമാക്കാമോ; | (എ) ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം 595800 കുടുംബങ്ങളെ സംസ്ഥാനത്തിന് എ.എ.വൈ (അന്ത്യോദയ അന്നയോജന പദ്ധതി) വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഈ കുടുംബങ്ങൾക്കാണ് പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യം നല്കേണ്ടത്. |
| (ബി) | ഇവരിൽ എല്ലാവർക്കും മുപ്പത്തഞ്ച് കിലോ ഭക്ഷ്യധാന്യം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (ബി) മുൻഗണനാ പട്ടികയുടെ ശുദ്ധീകരണത്തിന്റെ ഭാഗമായി ഫീൽഡ് തല പരിശോധനകൾ നടത്തി അനർഹരായി കണ്ടെത്തിയ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കിയതിനാൽ നിലവിൽ എ.എ.വൈ പട്ടികയിൽ 595800 കുടുംബങ്ങളില്ല. നിലവിൽ എ.എ.വൈ പട്ടികയിലുള്ള എല്ലാ കുടുംബത്തിനും 35 കിലോഗ്രാം ഭക്ഷ്യധാന്യം നല്കുന്നുണ്ട്. |
| (സി) | ഇല്ലെങ്കിൽ ശേഷിക്കുന്ന കുടുംബങ്ങൾക്ക് ലഭിക്കേണ്ട ഭക്ഷ്യധാന്യം എന്താണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ; | (സി) പ്രസ്തുത ഭക്ഷ്യധാന്യം നീക്കിയിരിപ്പായി അവശേഷിക്കുന്നു. |
| (ഡി) | അന്നപൂർണ വിഭാഗത്തിനുള്ള അരിയും ഗോതമ്പും കിലോഗ്രാമിന് എത്ര രൂപ നിരക്കിലാണ് കേന്ദ്രം നൽകുന്നതെന്ന് വ്യക്തമാക്കാമോ ; | (ഡി) അന്നപൂർണ വിഭാഗത്തിനുള്ള അരി കിലോഗ്രാമിന് 5.65/- രൂപ നിരക്കിലാണ് കേന്ദ്രം നല്കുന്നത്. സംസ്ഥാനത്തിന് അന്നപൂർണ്ണ ഗോതമ്പ് ലഭിക്കുന്നില്ല. |
| (ഇ) | അന്നപൂർണവിഭാഗത്തിൽ നിന്ന് എത്ര കുടുംബങ്ങളെ ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ഇ) 17596 കുടുംബങ്ങളെ അന്നപൂർണ വിഭാഗത്തിൽ നിന്ന് ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്നശേഷം ഒഴിവാക്കിയിട്ടുണ്ട്. |
| (എഫ്) | കുടുംബങ്ങൾ ഒഴിവാക്കപ്പെട്ട സാഹചര്യത്തിൽ കേന്ദ്രം കുറഞ്ഞ നിരക്കിൽ ഇവർക്കുകൂടി നൽകുന്ന അരി എന്ത് ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ ? | (എഫ്) പ്രസ്തുത ഭക്ഷ്യധാന്യം നീക്കിയിരിപ്പായി അവശേഷിക്കുന്നു. |

സെക്ഷൻ ഓഫീസർ